# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4852 | 27/10/2016 -ൽ മറുപടിക്ക്

### കുട്ടികളിൽ വ്യായാമവും കായികാഭിരുചിയും വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.ആർ.രാമചന്ദ്രൻ

**ഉത്തരം**

പ്രൊ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കുട്ടികളിൽ വ്യായാമവും കായികാഭിരുചിയും വളർത്തുന്നതിന് വേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (എ) | കായിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കാവശ്യമായ പീരിയഡുകൾ നൽകി വരുന്നുണ്ട് .ഈ പീരിയഡുകളിൽ കായികക്ഷമത വർധിപ്പിക്കുന്ന തരത്തിലുള്ള വ്യായാമം പരിശീലിപ്പിക്കുന്നുണ്ട്.ഇത്തരം പീരിയഡുകളിൽ കുട്ടികളുടെ കായിക അഭിരുചി മനസ്സിലാക്കുകയും അതിനു വേണ്ടുന്ന പരിശീലനവും നൽകി വരുന്നുണ്ട്. |
| (ബി) | കായിക മേഖലയിൽ കുറഞ്ഞുവരുന്ന കേരളത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വളരെ ചെറുപ്രായത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി പ്രൈമറി തലം മുതൽ കായിക പരിശീലനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കായിക മേഖലയിൽ കുറഞ്ഞു വരുന്ന കേരളത്തിന്റെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വളരെ ചെറുപ്രായത്തിൽ തന്നെ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും,പരിശീലിപ്പിക്കുന്നതിനുമായി,100 കുട്ടികളിൽ കൂടുതലുള്ള യു.പി സ്കൂളുകളിൽ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരവും ,കെ ഇ ആർ ലെ യോഗ്യതാ മാനദണ്ഡങ്ങൾ അനുസരിച്ചും ,സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി കരാർ അടിസ്ഥാനത്തിൽ കായിക അധ്യാപകരെ നിയമിക്കുന്നതിന് 05.10.2016 ലെ സ.ഉ(എം.എസ്) നം 170/2016/പൊ.വി വ നം. പ്രകാരം ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ സർവശിക്ഷാ അഭിയാൻ അതിനു വേണ്ടുന്ന നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഓരോ പ്രദേശത്തെയും ജനങ്ങളുടെ കായിക അഭിരുചിയും പ്രാവീണ്യവും പരിശോധിച്ച് പ്രാദേശികമായി പ്രാമുഖ്യമുള്ള കായിക വിനോദങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിന് സ്കൂൾ തലത്തിൽ നടപടി സ്വീകരിക്കുമോ? | | **(സി)** പ്രാദേശികമായി പ്രാമുഖ്യമുള്ള കായിക വിനോദങ്ങളിൽ കൂടുതൽ പരിശീലനം നൽകുന്നതിന് സ്കൂൾ തലത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് .<br><br>**സെക്ഷൻ ഓഫീസർ** |